# PRE - MODEL EVALUATION - 2017

Time : 1½ hrs

Std. X **അടിസ്ഥാനപാഠാവലി** Total Score:40

*നിർദ്ദേശങ്ങൾ:-*

- *ആകെ പന്ത്രണ്ട് ചോദ്യങ്ങൾ തന്നിട്ടുണ്ട്.*
- *എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.*
- *ചോദ്യങ്ങളുടെ നേരെ അവയുടെ സ്കോർ കൊടുത്തിട്ടുണ്ട്.*

1. "ഈ വയ്യാവേലിയിൽ നിന്ന് തലവലിക്കാൻ മത്തായി കുറെ പാടുപെടേണ്ടി വന്നു."
   -അടിവരയിട്ടിരിക്കുന്നതിന്റെ അതേ അർത്ഥം വരുന്ന ശൈലി ഏത്?
   - അഴിഞ്ഞാട്ടം
   - ഉള്ളുകള്ളി
   - ഊരാക്കുടുക്ക്
   - കോലം കെട്ടുക 1

2. 'അന്ധകാരജീവിതം' എന്ന പദത്തെ വിഗ്രഹിച്ചെഴുതിയിരിക്കുന്നതിൽ നിന്നും ശരിയായത് എടുത്തെഴുതുക.
   - അന്ധകാരം നിറഞ്ഞ ജീവിതം
   - അന്ധകാരമാകുന്ന ജീവിതം
   - അന്ധകാരത്തിന്റെ ജീവിതം
   - അന്ധകാരം പോലുള്ള ജീവിതം 1

3. അതുവഴി വന്ന പൈക്കച്ചവടക്കാരൻ ചോദിച്ചു: "മൂപ്പരെങ്ങോട്ടു പോയി?"
   ചോദ്യത്തിനു മറുപടിയായി അമ്മ പറഞ്ഞു: "മൂപ്പര് പോയി."
   -തന്നിരിക്കുന്ന രണ്ടു കഥാസന്ദർഭങ്ങളിൽ അടിവരയിട്ടിരിക്കുന്ന പദങ്ങൾക്കുണ്ടാകുന്ന അർത്ഥവ്യത്യാസം കണ്ടെത്തി എഴുതുക. 2

4. "നാവുണ്ടായിരുന്നെങ്കിൽ കുടുംബത്തിന്റെ കഥ കൊച്ചു ചക്കരച്ചി പറയുമായിരുന്നു."
   -ഇതു തരുന്ന രണ്ടു സൂചനകൾ കണ്ടെത്തി എഴുതുക. 2

5. "പത്രം അസത്യമാണെന്നറിഞ്ഞുകൊണ്ട് ഒരു കാര്യം പറയുകയും അത് സത്യമായി തീരുമെന്ന വിചാരത്തിൽ അക്കാര്യം ആവർത്തിച്ചുകൊണ്ടിരിക്കുയും ചെയ്യുന്നു."
   -ഈ വാക്യത്തെ ആശയചോർച്ച കൂടാതെ രണ്ടു ലഘുവാക്യങ്ങളാക്കി മാറ്റിയെഴുതുക.2

6. തന്നിരിക്കുന്ന പട്ടിക ക്രമപ്പെടുത്തി എഴുതുക.

| കഥാപാത്രം | കൃതി | എഴുത്തുകാരൻ |
|---|---|---|
| ചാക്കുണ്ണി | രണ്ടിടങ്ങഴി | എ. പി ഉദയഭാനു |
| കൊച്ചു ചക്കരച്ചി | ........................ | കാരൂർ നീലകണ്ഠപ്പിള്ള |
| ചിരുത | കോഴിയും കിഴവിയും | ഇ. സന്തോഷ് കുമാർ |
| മാർക്കോസ് | ........................ | ........................ |

4

jiniantonyv@gmail.com 9946899557

7. പണ്ട് പനിച്ചതും അമ്മയെടുത്തുകൊ-
ണ്ടപ്പടിയോരോന്നു കേറിക്കിതച്ചതും
അന്നത്തെ സൂചിപ്രയോഗത്തിൻ നീറ്റൽ പോ-
ലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയ്.

-വരികളിലെ പ്രയോഗഭംഗി കണ്ടെത്തി വിശദമാക്കുക. 4

8. "സ്വതേ മൗനിയായിരുന്നെങ്കിലും അല്പഭാഷണം കൊണ്ട് ശ്രോതാക്കൾക്കു സംശയനിവൃത്തി വരുത്താൻ അദ്ദേഹം അതിവിദഗ്ധനായിരുന്നു. ചിലപ്പോൾ ലളിതോദാഹരണങ്ങളിൽ കൂടിയായിരിക്കും ആശയാവിഷ്കരണം."

-ശ്രീ നാരായണഗുരുവിന്റെ സാമർത്ഥ്യത്തെ പാഠഭാഗത്തുനിന്നും കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി സമർത്ഥിക്കുക. 4

9. "പഴമയിലിഴയും പല്ലു കൊഴിഞ്ഞൊരു
പാട്ടാണെന്നു പഴിക്കാമിന്നു പ-
രിഷ്കാരത്തിൻ തിണ്ണയിലുള്ളവർ
പഴമോടരിയും പപ്പടവും ത-
ന്നാവതുവേഗമയയ്ക്കാൻ നോക്കാം."

-പഴയകാല സംസ്കൃതിയോടുള്ള പുതുതലമുറയുടെ സമീപനങ്ങളെ കവിതയിൽ എങ്ങനെയാണ് അവതരിപ്പിച്ചിരിക്കുന്നത്? വരികളെ വിശകലനം ചെയ്തു കുറിപ്പെഴുതുക. 4

10. ജീവിതത്തിന്റെ ഇല്ലായ്മകളെ സ്നേഹം കൊണ്ടു അതിജീവിക്കുക എന്ന സന്ദേശംകൂടി 'പ്ലാവിലക്കഞ്ഞി' എന്ന പാഠഭാഗം മുന്നോട്ടു വയ്ക്കുന്നുണ്ട്.

-ഉചിതമായ സന്ദർഭം കണ്ടെത്തി വിവരിക്കുക. 4

11. 'പണയം' എന്ന കഥയിലെ ആശയം, ആഖ്യാനശൈലി, കഥാപാത്രസവിശേഷതകൾ എന്നിവ മുൻനിർത്തി കഥാസ്വാദനം രചിക്കുക.

അല്ലെങ്കിൽ

'നവമാധ്യമങ്ങൾ തെറ്റും ശരിയും' എന്ന വിഷയത്തിൽ ഒരു മുഖപ്രസംഗം തയാറാക്കുക. 6

12. 'മലയാളത്തിന്റെ ശ്രേഷ്ഠഭാഷാ പദവിയും സമൂഹത്തിന് മലയാളത്തോടുള്ള സമീപനവും' എന്ന വിഷയത്തിൽ ഒരു ഉപന്യാസം രചിക്കുക.

അല്ലെങ്കിൽ

'ഓരോ വിളിയും കാത്ത്' എന്ന കഥയിലെ അമ്മയുടെ സ്വഭാവസവിശേഷതകൾ വിലയിരുത്തി കഥാപാത്രനിരൂപണം തയാറാക്കുക 6

jiniantonyv@gmail.com 9946899557